"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/259/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-06-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രൊജക്റ്റ് ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.11

**********************

സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. മേൽ പ്രോജക്ടിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പൊതുവിൽ അനുമതി നൽകാറില്ല. മിക്ക സ്കൂളുകളിലും വാഹനമുണ്ടെന്നതും പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാവാഹിനി (ഗോത്ര സാരഥി) പദ്ധതിയിലൂടെ യാത്രാസൗകര്യം ഒരുക്കുന്നുണ്ട് എന്നതും പരിഗണിച്ച്, സൈക്കിൾ വാങ്ങി നൽകുന്നതിന് പൊതു അനുമതി നൽകുന്നത് ഉചിതമല്ലെന്ന് സൂചിത യോഗം നിരീക്ഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ചെലവഴിക്കാവുന്നതല്ലെന്നും അതിനായി പ്രോജക്ട് ഏറ്റെടുക്കേണ്ടതില്ലെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 27-06-2024 17:23:55

സെക്ഷൻ ഓഫീസർ.